പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3654 — 26.06.2012 -ലെ മറുപടി

തില്ലങ്കേരി പഞ്ചായത്തിലെ മച്ചൂർ മലയിലേയ്ക്ക് കെ.എസ്.ആർ.ടി.സി ബസ്സ് സർവ്വീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യു | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കണ്ണൂർ ജില്ലയിലെ തില്ലങ്കേരി പഞ്ചായത്തിലെ ജനവാസ കേന്ദ്രമായ മച്ചൂർ മലയിലേക്ക് മട്ടന്നൂർ -അച്ചല്ലൂർ -ശിവപുരംവഴി കണ്ണൂരിൽ നിന്നോ കൂത്തുപറമ്പ് -ഉരുവച്ചാൽ -ശിവപുരംവഴി തലശ്ശേരിയിൽ നിന്നോ കെ.എസ്.ആർ.ടി.സി. ബസ്സ് റൂട്ട് അനുവദിക്കുന്നതിലേക്കായി നിവേദനം ലഭിച്ചിട്ടുണ്ടോ; | (എ) യും (ബി) യും | നിവേദനങ്ങളൊന്നും ലഭിച്ചതായി കാണുന്നില്ല. എന്നാൽ മച്ചൂർ മലയിലേക്ക് സർവ്വീസ് ആരംഭിക്കണമെന്നത് സംബന്ധിച്ച് വിവിധ കേന്ദ്രങ്ങളിൽ നിന്നും ആവശ്യം ഉയർന്നതിന്റെ അടിസ്ഥാനത്തിൽ സാധ്യതാ പഠനം നടത്തിയിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | | |
| (സി) | പ്രസ്തുത നടപടികൾ പൂർത്തിയാക്കി അടിയന്തിരമായി ബസ്സ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ബസ്സിന്റെയും ജീവനക്കാരുടെയും കുറവ് അനുഭവപ്പെടുന്നതിനാൽ സർവ്വീസ് ആരംഭിക്കണമെന്ന ആവശ്യം ഇപ്പോൾ പരിഗണിക്കാൻ കഴിയില്ല.<br>സർവ്വീസുകൾ അനുവദിക്കുന്ന മുറയ്ക്ക് മാത്രമേ ബസ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ